**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5495** **05-07-2024 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും കളിക്കളങ്ങളുടേയും സ്റ്റേഡിയങ്ങളുടേയും പരിപാലനത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ? | (എ) | കായിക രംഗത്തെ മുന്നേറ്റത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂർത്തിയാക്കിയ സ്റ്റേഡിയങ്ങളും മറ്റ് കായിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിലൂടെയും കൈവരിച്ച നേട്ടങ്ങൾ വളരെ വലുതാണ്. ഇതിലേക്കായി സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 430 കോടി രൂപയുടെ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ/ സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.<br><br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1061 കോടിരൂപയുടെ 58 പദ്ധതികൾ കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖല സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അന്താരാഷ്ട്രതല ത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനും ഉതകുന്ന തരത്തിലാണ് ഈ സ്റ്റേഡിയങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>മധ്യകേരളത്തിലെ കായിക കുതിപ്പിന് കരുത്ത് പകരുന്നതിനായി കുന്നംകുളം ആസ്ഥാനമായി പുതുതായി സ്പോർട്സ് ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ കുട്ടികൾക്ക് മികച്ച പരിശീലനം നൽകുന്നതിനും കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കുവാനും സാധിക്കുന്നതാണ്. കൂടാതെ അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് |

| | | | |
|---|---|---|---|
| | | | സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. അനുദിനം വർദ്ധിച്ചു വരുന്ന ജീവിത ശൈലീ രോഗങ്ങൾ പ്രതിരോധിക്കുക, ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ കായിക വകുപ്പിന് കീഴിൽ മറ്റൊരു സുപ്രധാന പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ. താരതമ്യേന വളരെ കുറഞ്ഞ നിരക്കിൽ അത്യാധുനിക ജിം സൗകര്യങ്ങൾ കായിക താരങ്ങൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന സംവിധാനങ്ങളാണ് ഫിറ്റ്നസ് സെന്ററുകളിൽ സജ്ജമാക്കിയിട്ടുള്ളത്.<br><br>26.02.2021 തീയതിയിലെ ജി.ഒ.(എം.എസ്) നം. 6/2021/കായുവ ഉത്തരവ് പ്രകാരം കായികയുവജന കാര്യാലയത്തിന് കീഴിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഫിറ്റ്നസ് സെന്ററുകൾ തുടങ്ങിയവയുടെ മേൽനോട്ടവും പരിപാലനവും നടപ്പിലാക്കുന്നത് കായികവകുപ്പിന് കീഴിൽ രൂപീകൃതമായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരമാണ്. |

സെക്ഷൻ ഓഫീസർ